**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.424** | **16.05.2017-ൽ മറുപടിയ്ക്ക്** |
| **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ മിഷനുകളും ചേർന്നുള്ള പ്രവർത്തനം** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.എ. കെ. ശശീന്ദ്രൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവകേരള മിഷൻ, ശുചിത്വ മിഷൻ, സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ മിഷൻ എന്നിങ്ങനെയുള്ള സർക്കാരിന്റെ വിവിധ മിഷനുകളുമായി ഒന്നുചേർന്ന് മുന്നോട്ട് കൊണ്ടുപോകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 4 ബൃഹത് പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് നവകേരള കർമ്മപദ്ധതി. സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ), ഹരിത കേരളം പദ്ധതി, സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി, ജനസൗഹൃദ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട ആർദ്രം പദ്ധതി എന്നിവയാണ് നവകേരള മിഷനിൽ ഉൾപ്പെടുന്ന പ്രധാന പദ്ധതികൾ.<br>അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത, ഭവനരഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ നവകേരള കർമ്മപദ്ധതിക്കു കീഴിൽ രൂപീകരിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയാണ് ലൈഫ് മിഷൻ. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത സർവ്വേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ 09.02.2017-ലെ സ.ഉ.(സാധാ) നം.391/2017/തസ്വഭവ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.<br>ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത് പദ്ധതിയാണ് ഹരിത കേരളം പദ്ധതി. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരംഭിച്ച് 4 മിഷനുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചു കൊണ്ടുള്ള സംഘടനാ സംവിധാനങ്ങൾ സംബന്ധിച്ച് സ.ഉ(പി) നം.10/17/ആസവ തീയതി.19.04.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷൻ വഴി നൽകിവരുന്നു. കേരളത്തെ വെളിയിട വിസർജ്ജന മുക്ത (ഒ.ഡി.എഫ്.) സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വമിഷൻ വഴി തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. <br> തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം കൂടി ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിവിധ ജനോപകാര പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സമാശ്വാസം തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. <br> തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് കുടുംബശ്രീ മിഷനാണ്. നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് മിഷന്റെ നടത്തിപ്പിന് കുടുംബശ്രീ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള തരിശ് നിലം കൃഷി യോഗ്യമാക്കൽ പദ്ധതിയിൽ കുടുംബശ്രീ മുഖ്യ പങ്കുവഹിച്ച് വരുന്നു. ജലസംരക്ഷണത്തിന്റെ ഭാഗമായി സിഡിഎസ്സ് മുഖാന്തിരം കുളങ്ങൾ, തോടുകൾ എന്നിവ നവീകരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി പൊലിവ് കാർഷിക പുനർആവിഷ്കരണ ക്യാമ്പെയിൻ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന മഴക്കാല പൂർവ്വ ക്യാമ്പെയിൻ 'ഡിസ്പോസിബിൾ ഫ്രീ മഴക്കാലപൂർവ്വ ക്യാമ്പെയിൻ' പ്രവർത്തനത്തിൽ കുടുംബശ്രീ പങ്കാളിത്തം വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് തെരുവ് നായ നിയന്ത്രണ പദ്ധതി, കമ്മ്യൂണിറ്റി കോൺട്രാക്റ്റിംഗ് ഗ്രൂപ്പ് എന്നീ രണ്ട് പദ്ധകൾക്ക് കുടുംബശ്രീ രൂപം നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ മിഷനും ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനം ഏതു രീതിയിലാണെന്നും വ്യക്തമാക്കാമോ? | (ബി) | ഹരിത കേരള മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്ക്കരണ ഉപദൗത്യ പ്രകാരം ജൈവ / അജൈവ മാലിന്യങ്ങളുടെ പരിപാലനവും, ദ്രവ മാലിന്യ പരിപാലന മേഖലകളിലെ പ്രവർത്തനങ്ങളുമാണ് ഏറ്റെടുക്കുന്നത്. ഖരമാലിന്യ സംസ്ക്കരണ മേഖലയിൽ അജൈവ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇതിലേയ്ക്ക് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.), സ്വാപ് ഷോപ്പ്, പ്ലാസ്റ്റിക് ഇതര വസ്തുക്കളുടെ റീസൈക്ലിംഗ് സംവിധാനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റിതലത്തിലുള്ള ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രവർത്തന പങ്കാളികളായ എൻ.ജി.ഒ.കൾ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്കുള്ള പിന്തുണ നൽകൽ, കൂടാതെ ജനങ്ങളിൽ വേണ്ടുന്ന അനുകൂല മനോഭാവങ്ങളും ശീലങ്ങളും രൂപീകരിക്കുന്നതിനുള്ള വിവരവിജ്ഞാന വ്യാപന ക്യാമ്പയിൻ എന്നിവ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഏറെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലായിരിക്കും നിർവ്വഹണം നടത്തുന്നത്. <br> നവകേരള മിഷന്റെ കീഴിലുള്ള ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന-തലത്തിൽ |

| | | | |
|---|---|---|---|
| | | | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിമാർഗ്ഗ നിർദ്ദേശങ്ങളിൽ പാർപ്പിട മേഖലയിൽ ലൈഫ് മിഷൻ മാർഗ്ഗരേഖകൾ പാലിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സമാശ്വാസം തുടങ്ങിയ വിവിധ ജനോപകാര പദ്ധതികൾ നടപ്പാലാക്കി വരുന്നു. ഇവയെല്ലാം തന്നെ തുടർ പദ്ധതികളാണ്. കൂടാതെ നടപ്പു വർഷം പുതുതായി അനുയാത്രാ പദ്ധതി, സ്വാലംബൻ പദ്ധതി, സ്ത്രീശക്തി പദ്ധതി, ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ പമ്പ് നൽകുന്ന പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ സ്കൂൾ, സമ്പൂർണ അഗതിരഹിത കേരളം ക്യാമ്പയിൻ, ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ സ്ഥാപിക്കൽ, പട്ടിക വർഗ്ഗ സുസ്ഥിര വികസന പദ്ധതികൾ, കുടുംബശ്രീ ജെന്റർ പ്രവർത്തനങ്ങൾ, കൃഷി, മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവയാണ് 2017-18 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. |

സെക്ഷൻ ഓഫീസർ